അധ്യായം 2

# ചവിട്ടലും സ്വീകരിക്കലും



## ആമുഖം

നിങ്ങൾ കാൽകപന്ത് കളിച്ചിട്ടുണ്ടോ?

കാൽപന്ത് കളിയിൽ, ഞങ്ങൾ ഞങ്ങളുടെ പങ്കാളിക്ക് പന്ത് ചവിട്ടിനൽകുകയും അവർ പന്ത് സ്വീകരിക്കുകയും ചെയ്യുന്നു.

നമ്മൾ ആവശ്യമുള്ള ദിശയിൽ നമ്മുടെ പാദങ്ങൾ ഉപയോഗിച്ച് ഒരു പന്ത് ചവിട്ടുന്നതിൽ  ചവിട്ടൽ എന്നത് ഒരു പ്രധാന ചലനമാണ് .

നിയന്ത്രണം നഷ്ടപ്പെടാതെ.കാൽപാദങ്ങൾ ഉപയോഗിച്ച് പന്ത് സ്വീകരിക്കുന്നതിൽ സ്വീകരിക്കൽ എന്നതും ഒരു പ്രധാന ചലനമാണ്

നമ്മുടെ കാലുകൾ ഉപയോഗിച്ച് പന്ത് എങ്ങനെയാണ് ചവിട്ടുന്നതെന്നും സ്വീകരിക്കുന്നതെന്നും നമുക്ക് പഠിക്കാം .ശേഷം ചില കളികൾ കളിക്കാം



© NCERT not to be republished

## ചവിട്ടുന്നു

1

പന്തിന് പിന്നിൽ നിൽക്കുക, നിങ്ങളുടെ കണ്ണുകൾ അതിൽ കേന്ദ്രീകരിക്കുക.



2

പന്തിന് നേരെ നീങ്ങുക.





3

ചവിട്ടാത്ത കാൽ പന്തിന്റെ വശത്തേക്ക് വയ്ക്കുക, തുടർന്ന് പന്ത് ചവിട്ടാൻ മറ്റേ കാൽ ആയുക .

4

ചവിട്ടുന്ന കാൽ പന്തിനെ പിന്തുടരട്ടെ. ശരീരത്തെ സന്തുലിതമാക്കാൻ കൈകൾ ചലിപ്പിക്കുക.



### അധ്യാപകർക്കുള്ള കുറിപ്പ്

കുട്ടികൾ ചവിട്ടുന്നത് പരിശീലിക്കുമ്പോൾ ഇനിപ്പറയുന്നവ ഉറപ്പാക്കുക -

1. നിൽക്കുന്ന രീതി: കാലുകൾ തോൾ വീതിയിലും കാൽമുട്ടുകൾ വളരെയധികം വളയ്ക്കാതെയും നിൽക്കുക .
2. സമീപനം: ചവിട്ടുന്ന കാലിൽ മുന്നോട്ട് നീങ്ങുമ്പോൾ പന്തിന്റെ വശത്തേക്ക് അൽപ്പം അടുക്കുക.
3. ചവിട്ടൽ: പന്ത് ചവിട്ടാത്ത കാലുകൾ കൊണ്ട് മുന്നോട്ട് കുതിക്കുന്ന സുതാര്യമായ പ്രവർത്തനം. ചവിട്ടുന്ന കാൽ പിന്നോട്ട് വലിച്ച് പന്ത് ചവിട്ടാൻ വേഗത്തിൽ കൊണ്ടുവരുന്നു.
4. പിന്തുടരുക: ചവിട്ടുന്ന കാലിന്റെ എതിരെയുള്ള കൈ മുന്നോട്ട് പോകുകയും ശരീരം സന്തുലിതമാവുകയും ചെയ്യുന്നു.

© NCERT not to be republished

## സ്വീകരിക്കൽ

1

കാൽമുട്ടുകൾ വളച്ച് ശരീരം പന്തിന്റെ ദിശയ്ക്ക് അഭിമുഖമായി നിൽക്കുക.





2

പന്ത് സ്വീകരിക്കാൻ ഒരു കാൽ ഉയർത്തുക. മറ്റേ കാൽ തറയിൽ ഉറപ്പിച്ചു വയ്ക്കുക .



3

പന്ത് സ്വീകരിച്ചതിന് ശേഷം കാൽ അല്പം പിന്നിലേക്ക് നീക്കുക .



4

പന്ത് നിലത്ത് സ്പർശിക്കുമ്പോൾ നിങ്ങളുടെ ശരീരം സന്തുലിതമാക്കുക.

### അധ്യാപകർക്കുള്ള കുറിപ്പ്

കുട്ടികളുടെ നൈപുണ്യ പരിശീലനത്തിൽ ഇനിപ്പറയുന്നവ ഉറപ്പാക്കുക -

1 നിൽക്കുന്ന രീതി :കാലുകൾ തോളിന്റെ വീതിയിലും , കാൽമുട്ടുകൾ വളരെയധികം വളയാത്ത രീതിയിലും , ശരീരം പന്തിന്റെ ദിശയ്ക്ക്ക്ക് അഭിമുഖവുമാണ് .

2. മുൻകൂട്ടി മനസ്സിലാക്കുകയും തയ്യാറാകുകയും ചെയ്യുക: പന്തിന്റെ പാത മുൻകൂട്ടി കാണുകയും സ്വീകരിക്കാത്ത കാൽ നിലത്ത് ഉറച്ചുനിർത്തുകയും ചെയ്യുന്നു.

3. സ്വീകരിക്കൽ: സ്വീകരിക്കാത്ത കാലിലേക്ക് ശരീരഭാരം നൽകുക , സ്വീകരിക്കുന്ന പാദത്തിന്റെ മുകൾ ഭാഗത്ത് എല്ലായ്പ്പോഴും പന്ത് സ്വീകരിക്കുകയും സമ്പർക്കത്തിലാകുമ്പോൾ കാൽ അൽപ്പം പിന്നിലേക്ക് കൊണ്ടുപോകുകയും ചെയ്യുക .

4. പിന്തുടരുക: ശരീര ഭാരം കുറച്ചു വയ്ക്കുകയും ആവശ്യാനുസരണം ശരീരഭാരം മാറ്റിക്കൊണ്ട് ശരീരത്തെ സന്തുലിതമാക്കുകയും ചെയ്യുന്നു.

© NCERT not to be republished

അമോ 7

# പന്ത് കൈമാറൽ

**ആവശ്യമായ സാധനങ്ങൾ** മൃദുവായ പന്ത് അല്ലെങ്കിൽ

തുണി കൊണ്ടുള്ള പന്ത്

**എങ്ങനെ കളിക്കാം**

- മൃദുവായ ഒരു പന്ത് എടുത്ത് നിങ്ങളുടെ കാലുകൾക്കിടയിൽ വയ്ക്കുക.
- നിൽക്കുമ്പോൾ പന്ത് ഒരു കാലിൽ നിന്ന് മറ്റൊന്നിലേക്ക് കൈമാറുക.
- ശരീരത്തിന്റെ സന്തുലിതാവസ്ഥ നിലനിർത്തി പന്ത് നിയന്ത്രിക്കുക






**ലക്ഷ്യം**
കൈമാറാനുള്ള കഴിവുകൾ ,അനുകരണം ,പ്രതീക്ഷ എന്നിവ പഠിക്കുന്നതിന്

**വ്യതിയാനങ്ങൾ**
- കാലുകൾ തമ്മിലുള്ള അകലം വർദ്ധിപ്പിക്കുക.
- ഒരു കാലിൽ നിന്ന് മറ്റൊന്നിലേക്ക് പന്ത് കൈമാറുമ്പോൾ നടക്കുകയും ,ജോഗ് ചെയ്യുകയും , ഓടുകയും , വശങ്ങളിലേക്ക് ചരിഞ്ഞ്ചവിട്ടുകയും ചെയ്യുക .

**അവലോകനം**
നക്ഷത്രവും ആഗ്രഹവും

© NCERT not to be republished

## അമോ 8

# നിഴൽ പന്ത്

### ആവശ്യമായ സാധനങ്ങൾ

മൃദുവായ പന്ത് അല്ലെങ്കിൽ തുണി പന്ത്

### എങ്ങനെ കളിക്കാം

- ഒരു മൃദുവായ പന്ത് എടുത്ത് ഒരു സഹപാഠിയുമായി ജോടിയാക്കുക.
- ഒരാൾ പന്ത് പതുക്കെ പതുക്കെ തട്ടി നീക്കുക .പങ്കാളി ആ പന്ത് പിന്തുടരുക .
- വിസിൽ അടിക്കുമ്പോൾ, പരസ്പരം അഭിമുഖീകരിക്കുകയും പന്ത് പങ്കാളിക്ക് നേരെ ചവിട്ടുകയും ചെയ്യുക .
- ഇപ്പോൾ, പരസ്പരം സ്ഥാനങ്ങൾ മാറ്റി കളി തുടരുക.



© NCERT not to be republished

### അധ്യാപകർക്കുള്ള കുറിപ്പ്

**ലക്ഷ്യം**
ഏകോപനത്തിന്റെയും വൈകാരിക നിയന്ത്രണത്തിന്റെയും വികസനം.

**വ്യതിയാനങ്ങൾ**
- പന്ത് അടിക്കാൻ ദുർബലമായ കാൽ ഉപയോഗിക്കുക.

**അവലോകനം**
നക്ഷത്രവും ആഗ്രഹവും

# അമോ 9
# പന്ത് തട്ടൽ

### ആവശ്യമായ സാധനങ്ങള്

മൃദുവായ പന്ത്
അല്ലെങ്കിൽ
തുണി പന്ത്

### എങ്ങനെ കളിക്കാം

- മൃദുവായ ഒരു പന്ത് എടുത്ത് ഈ പ്രവർത്തനത്തിനായി നിങ്ങളുടെ ക്ലാസിൽ നിന്ന് ഒരു പങ്കാളിയെ കണ്ടെത്തുക.
- പരസ്പരം അഭിമുഖമായി നിൽക്കുക, നിങ്ങളുടെ കാലിന്റെ മുകൾഭാഗം ഉപയോഗിച്ച് പന്ത് തട്ടുക .
- നിങ്ങളിലൊരാൾ പന്ത് തട്ടുമ്പോൾ മറ്റെയാൾ അത് പിടിച്ച് തിരിച്ച് തട്ടുന്നു .
- പന്ത് മുകളിലേക്ക് തട്ടാൻ കാലുകൾ മാറ്റി മാറ്റി ഉപയോഗിക്കുക .



© NCERT not to be republished

**അധ്യാപകർക്കുള്ള കുറിപ്പ്**

**ലക്ഷ്യം**
തട്ടുന്ന പ്രവർത്തനത്തിൽ ഉൾപ്പെടുന്ന മൃദുവായ പേശികളുടെ വികാസം.

**വ്യതിയാനങ്ങൾ**
- ഒരു ലക്ഷ്യത്തിലേക്ക് പന്ത് തട്ടുക .
- പന്ത് പിടിക്കുന്നതിന് മുമ്പ് രണ്ടോ മൂന്നോ തവണ തട്ടി കളിക്കുക .

**അവലോകനം**
നക്ഷത്രവും ആഗ്രഹവും

അമോ 10

# ചതുരത്തി ലേക്ക് തട്ടൽ

**ആവശ്യമായ സാധനങ്ങൾ** ശൂന്യമായ പെട്ടി മൃദുവായ പന്ത് അല്ലെങ്കിൽ തുണി കൊണ്ടുള്ള പന്ത്

**എങ്ങനെ കളിക്കാം**

- നിലത്ത് ഒരു പെട്ടി വയ്ക്കുക, പെട്ടിയിൽ നിന്ന് കുറച്ച് അകലെ ഒരു വര വരച്ച് അതിൽ നിൽക്കുക .
- നാല് അംഗങ്ങൾ വീതമുള്ള കൂട്ടങ്ങളെ ഉണ്ടാക്കുക.
- കൂട്ടത്തിലെ ഓരോ അംഗവും പന്ത് പെട്ടിയിലേക്ക് ഇടാൻ ലക്ഷ്യമിടുന്നു.
- പെട്ടിയിൽ കൂടുതൽ പന്തുകൾ ഇടുന്ന കൂട്ടം വിജയിക്കുന്നു.



അധ്യാപകർക്കുള്ള കുറിപ്പ്

**ലക്ഷ്യം**
ഏതെങ്കിലും വസ്തുവിനെ നിശ്ചിത ദൂരത്തിലും ഉയരത്തിലും നിന്ന് ചലിപ്പിക്കുന്നതിന് ആവശ്യമായ ദൂരത്തെ കുറിച്ചും വേണ്ട ശക്തിയെ കുറിച്ചും ഉള്ള ധാരണ ഉണ്ടാക്കുക

**വ്യതിയാനങ്ങൾ**
- വ്യത്യസ്ത അകലങ്ങളിൽ പെട്ടികൾ സ്ഥാപിക്കുക. വ്യത്യസ്ത പെട്ടികൾക്ക് വ്യത്യസ്ത സ്കോറുകൾ നൽകാം.
- ലക്ഷ്യ സ്ഥാനത്തിലേക്കുള്ള അകലം വർദ്ധിപ്പിക്കുന്നതിന് ഒരുവളയം ഉപയോഗിക്കുക.

**അവലോകനം**
നക്ഷത്രവും ആഗ്രഹവും

© NCERT not to be republished

അമോ 11

# നടുവിൽ കുരങ്ങൻ

**ആവശ്യമായ സാധനങ്ങൾ**

കാൽപന്ത്

**എങ്ങനെ കളിക്കാം**

- നടുവിൽ ഒരു വിദ്യാർത്ഥിയും മറ്റുള്ളവർ ചുറ്റിലുമായി ഒരു വൃത്താകൃതിയിൽ നിൽക്കുക .
- വൃത്തത്തിൽ നിൽക്കുന്ന വിദ്യാർത്ഥികൾ നടുവിലെ വിദ്യാർത്ഥിയിൽ എത്താത്ത രീതിയിൽ പന്ത് പരസ്പരം കൈമാറുന്നു.
- നടുവിലുള്ള വിദ്യാർത്ഥി പന്ത് തടഞ്ഞു നിർത്താനോ പിടിക്കാനോ ശ്രമിക്കുന്നു.
- പന്ത് പിടിക്കപ്പെട്ടാൽ, പന്ത് ചവിട്ടിയ വിദ്യാർത്ഥി നടുവിൽ നിൽക്കുകയും കളി തുടരുകയും ചെയ്യുന്നു.






**ലക്ഷ്യം**

രസകരമായ രീതിയിൽ പഠിക്കാനും ഒരുമിച്ചുള്ള പ്രവർ ത്തനങ്ങൾമെച്ചപ്പെടു ത്തുന്നതിനും കുട്ടികൾ തമ്മിലുള്ള ആശയ വിനിമയത്തിനും .

**വ്യതിയാനങ്ങൾ**

- നടുവിൽ രണ്ട് വിദ്യാർത്ഥികളെ ഉപയോഗിക്കുക.
- പന്ത് തട്ടാൻ ശ്രമിക്കുക അല്ലെങ്കിൽ തോളോ തലയോ ഉപയോഗിച്ച് പന്ത് തട്ടുക .

**അവലോകനം**

നക്ഷത്രവും ആഗ്രഹവും

© NCERT not to be republished

# അമോ 12

# ഇരുന്ന് എഴുന്നേൽക്കൽ

**ആവശ്യമായ സാധനങ്ങൾ**

മൃദുവായ പന്ത്

**എങ്ങനെ കളിക്കാം**

- ഒരു വൃത്തം ഉണ്ടാക്കുക. ഒരു കളിക്കാരനെ മധ്യത്തിൽ നിർത്തുക.
- മധ്യത്തിലുള്ള കളിക്കാരൻ വൃത്തത്തിലെ ഏതെങ്കിലും ഒരു കളിക്കാരന് പന്ത് കൈമാറും.
- കളിക്കാരൻ അവരുടെ കാൽ കൊണ്ട് പന്ത് സ്വീകരിക്കുന്നു .
- പന്ത് സ്വീകരിക്കുന്ന കളിക്കാരന്റെ ഇടത്, വലത് വശത്തുള്ള കളിക്കാർ സ്വീകരിക്കുന്ന കളിക്കാരന് പന്ത് ലഭിച്ചാലുടൻ ഇരിക്കും.
- കളിക്കാരൻ പന്ത് സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടാൽ, ഈ കളിക്കാരന് പകരം മധ്യനിരയിലുള്ള കളിക്കാരനെ നിയമിക്കും. കൂടാതെ, സ്വീകരിക്കുന്ന കളിക്കാരന്റെ വലത്തോ ഇടത്തോ നിൽക്കുന്ന കളിക്കാരൻ ഇരിക്കുന്നതിൽ പരാജയപ്പെട്ടാൽ, ഒട്ടും അനങ്ങാത്തയാളെ മധ്യത്തിലുള്ള കളിക്കാരന് പകരമായി നിർത്തും .



**അധ്യാപകർക്കുള്ള കുറിപ്പ്**



**ലക്ഷ്യം** വൈജ്ഞാനിക വികാസവും മറ്റുള്ളവരുടെ പ്രവർത്തനങ്ങളിലൂടെ ഭാവിയിലെ വെല്ലുവിളികൾ മുൻകൂട്ടി കാണാനുള്ള കഴിവും വളർത്തുക.

**വ്യതിയാനങ്ങൾ**

- നിങ്ങളുടെ തലയോ നെഞ്ചോ ഉപയോഗിച്ച് പന്ത് സ്വീകരിക്കുക.

**അവലോകനം** ഈ കളി കൂടുതൽ രസകരമാക്കുന്ന നിയമത്തിന്റെ ഒരു പരിഷ്കരണം കൊണ്ടുവരിക.

© NCERT not to be republished